സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
**മഹിളാവീഥി** മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
**പ്രവാസി റിവ്യൂ** മാഗസിൻ

2023 ഒക്ടോബർ 02 തിങ്കൾ | ptnizar@rediffmail.com | 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ




പ്രധാനമന്ത്രി നരേന്ദ്ര മോദി മഹാത്മാ ഗാന്ധിക്ക് ആദരമർപ്പിക്കുന്നു

## രാജ്യം ഗാന്ധി സ്മരണയിൽ; രാജ്ഘട്ടിലെത്തി ആദരമർപ്പിച്ച് നേതാക്കൾ

ന്യൂഡൽഹി: ഇന്ന് രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ 154-ാം ജന്മദിനം. രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി, കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഘഡ്, ലോക്സഭാ സ്പീക്കർ ഓം ബിർള തുടങ്ങിയവർ രാജ്ഘട്ടിലെത്തി മഹാത്മജിക്ക് ആദരമർപ്പിച്ചു.ഗാന്ധിജിയുടെ സ്വാധീനം ലോകമാകെ വ്യാപിച്ചുകിടക്കുകയാണെന്ന് പ്രധാനമന്ത്രി ട്വീറ്റ് ചെയ്തു. ഗാന്ധി ജയന്തി ദിനത്തിൽ അദ്ദേഹത്തെ വണങ്ങുന്നുവെന്നും ഗാന്ധിജിയുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ നമുക്ക് പരിശ്രമിക്കാമെന്നും മോദി എക്സിൽ കുറിച്ചു.

## നിയമനത്തട്ടിപ്പ് കേസ്; പണം വാങ്ങിയതിന്റെ തെളിവ് കിട്ടി; അഖിൽ സജീവനും ലെനിനും പ്രതികൾ

തിരുവനന്തപുരം: ആരോഗ്യമന്ത്രി വീണാ ജോർജിന്റെ ഓഫീസുമായി ബന്ധപ്പെട്ട നിയമനക്കോഴക്കേസിൽ അഖിൽ സജീവനെയും ലെനിനെയും പ്രതി ചേർത്തു. കന്റോൺമെന്റ് പൊലീസ് നാളെ കോടതിയിൽ റിപ്പോർട്ട് നൽകും. ഇരുവരും പണം വാങ്ങിയതായി പൊലീസ് കണ്ടെത്തി. വഞ്ചനാക്കുറ്റം ആൾമാറാട്ടം തുടങ്ങിയ വിവിധ വകുപ്പുകൾ പ്രകാരമാണ് കേസ് എടുത്തത്

നിലവിൽ ഈ കേസിൽ ഇതുവരെ ആരയെും പ്രതിചേർത്തിരുന്നില്ല, കോഴിക്കോട് സ്വദേശിയായ ലെനിൻ, പത്തനംതിട്ട സ്വദേശി അഖിൽ സജീവ് എന്നിവരെ പ്രതി ചേർക്കാനാണ് തീരുമാനം. നിയമത്തട്ടിപ്പുമായി ബന്ധപ്പെട്ട് ഇരുവരുടെയും അക്കൗണ്ടിൽ പണമെത്തിയതായി കന്റോൺമെന്റ് പൊലീസ് അന്വേഷണത്തിൽ കണ്ടെത്തി. തട്ടിപ്പിൽ കൂടുതൽ പേർ ഉൾപ്പെട്ടിട്ടുണ്ടന്നാണ് പൊലിസിന്റെ നിഗമനം.

മലപ്പുറം സ്വദേശിയായ ഹരിദാസന്റെ മരുമകളുടെ ഡോക്ടർ നിയമനത്തിനായി ഇടനിലക്കാരനായ അഖിൽ സജീവും മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് അംഗം അഖിൽ മാത്യുവും പണം വാങ്ങിയെന്നാണ് ആരോപണം.പരാതിയിൽ പൊലീസ് നേരത്തേ ഹരിദാസന്റെ മൊഴിയെടുത്തിരുന്നു.

അഖിൽ സജീവിന് 75000 രൂപയും അഖിൽ മാത്യുവിന് ഒരു ലക്ഷം രൂപയും നൽകിയെന്നാണ് ഹരിദാസ് ആരോപിക്കുന്നത്. നിയമനത്തിനായി ഇവർ 15 ലക്ഷം രൂപയാണ് ആവശ്യപ്പെട്ടതെന്നും നിയമനം ലഭിക്കുമെന്നറിയിച്ച് ആയുഷിൽ നിന്ന് ഇമെയിൽ സന്ദേശം ലഭിച്ചുവെന്നുമാണ് പരാതിയിൽ വ്യക്തമാക്കുന്നത്.

### മണിപ്പൂരിൽ പ്രതിഷേധം

## സമ്പൂർണ അടച്ചിടലിന് ആഹ്വാനം

ഇംഫാൽ: മണിപ്പൂരിൽ മെയ്തി വിഭാഗക്കാരായ രണ്ടു വിദ്യാർത്ഥികൾ കൊല്ലപ്പെട്ട സംഭവത്തിൽ അറസ്റ്റിലായവരെ വിട്ടയക്കണമെന്ന് ആവശ്യപ്പെട്ട് പ്രതിഷേധം.

കുക്കി-സോ സമുദായമാണ് പ്രതിഷേധവുമായി രംഗത്തെത്തിയത്. എൻഐഎയും സിബിഐയും പിടികൂടിയ ഏഴുപേരെയും വിട്ടയക്കണമെന്നാണ് ആവശ്യം. പ്രതിഷേധത്തിന്റെ ഭാഗമായി ചുരാചന്ദ്പൂർ ജില്ലയിൽ ഇന്നുമുതൽ സമ്പൂർണ അടച്ചിടലിന് കുക്കി സംഘടനകൾ ആഹ്വാനം ചെയ്തു. അടച്ചിടൽ രാവിലെ 10 മണി മുതൽ ആരംഭിക്കുമെന്ന് സമുദാ നേതാക്കൾ വ്യക്തമാക്കി.

അറസ്റ്റിലായവരെ വിട്ടയച്ചില്ലെങ്കിൽ സംസ്ഥാനത്തെ മറ്റു ജില്ലകളിലേക്കും പ്രതിഷേധം വ്യാപിപ്പിക്കാനാണ് കുക്കി സമുദായ നേതാക്കളുടെ തീരുമാനം. മെയ്തി സമുദായക്കാരുടെ പ്രദേശവുമായിട്ടുള്ള അതിർത്തി അടയ്ക്കും. സമ്പൂർണ അടച്ചിടലിന് ആഹ്വാനം നൽകിയിട്ടുണ്ടെങ്കിലും, കുടിവെള്ള വിതരണം, വൈദ്യുത, ആശുപത്രി സേവനങ്ങൾ തുടങ്ങിയ അത്യാവശ്യ സർവീസുകൾ അനുവദിക്കുമെന്ന് സമരനേതാക്കൾ വ്യക്തമാക്കി. പ്രതിഷേധത്തിന്റെ പശ്ചാത്തലത്തിൽ പൊലീസ് സുരക്ഷ ശക്തമാക്കിയിട്ടുണ്ട്. മെയ്തി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ കൊലപാതകത്തിൽ പ്രായപൂർത്തിയാകാത്തവർ ഉൾപ്പെടെ ഏഴു പേരാണ് അറസ്റ്റിലായത്. നാല് സ്ത്രീകളും അറസ്റ്റിലായവരിൽ ഉൾപ്പെടുന്നു.

ചുരാചന്ദ്പൂരിൽ നിന്നാണ് പ്രതികളെ സിബിഐ അറസ്റ്റ് ചെയ്തത്. അറസ്റ്റിലായവർ വിദ്യാർത്ഥികളുടെ കൊലയ്ക്ക് പിന്നിലുള്ളവരാണെന്ന് മണിപ്പൂർ സർക്കാർ വ്യക്തമാക്കി.

## പിന്നാക്ക വിഭാഗക്കാർ 63.12 ശതമാനം; ജാതി സെൻസസ് റിപ്പോർട്ട് പുറത്തുവിട്ട് ബിഹാർ



ന്യൂഡൽഹി: സംസ്ഥാനത്ത് നടത്തിയ ജാതി സെൻസസിന്റെ ഫലം പുറത്തു വിട്ട് ബിഹാർ സർക്കാർ. സംസ്ഥാനത്തെ ജനസംഖ്യയുടെ 36 ശതമാനവും അതിപിന്നാക്ക വിഭാഗങ്ങളിൽ നിന്നുള്ളവരാണെന്നാണ് റിപ്പോർട്ടിലെ പ്രധാന കണ്ടെത്തൽ. 27.12 ശതമാനം പിന്നാക്ക വിഭാഗത്തിൽ നിന്നുള്ളവരും 19.7 ശതമാനം പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവരും 1.68 ശതമാനം പട്ടികവർഗക്കാരുമാണെന്ന് സെൻസസ് റിപ്പോർട്ട് സാക്ഷ്യപ്പെടുത്തുന്നു. സംവരണേതര വിഭാഗത്തിൽ പെടുന്ന മുന്നോക്ക വിഭാഗം 15.52 ശതമാനമാണ്. 13 കോടിയിലധികമാണ് ബിഹാറിലെ ആകെ ജനസംഖ്യ. അതിപിന്നാക്ക- പിന്നാക്ക വിഭാഗങ്ങൾ ഒ.ബി.സി. വിഭാഗത്തിൽ പെടുന്നവരാണ്.അതായത് സംസ്ഥാന ജനസംഖ്യയുടെ 63.12 മാനവും ഒബിസി വിഭാഗമാണ്. ഇതിൽ തന്നെ ഉപമുഖ്യമന്ത്രി തേജസ്വി യാദവ് ഉൾപ്പെടുന്ന യാദവർ .14.27 ശതമാനമാണ്.

ഭൂമിഹാർ 2.86 ശതമാനം, ബ്രാഹ്മണർ 3.66 ശതമാനം, മുശാഹർ 3 ശതമാനം. യാദവർ 14 ശതമാനം എന്നിങ്ങനെയാണ് സെൻസെസ് പ്രകാരമുള്ള കണക്ക്. മുസ്ലിം 17.70 ശതമാനം, ക്രിസ്ത്യാനികൾ-.0576, സിഖ് 0.0113, ബുദ്ധമതവിഭാഗം 0.0851 ശതമാനം, ജൈനർ 0.0096 ശതമാനം എന്നിങ്ങനെയാണ് ബാക്കി സമുദായക്കാരുടെ കണക്ക്. ഹിന്ദുസമൂഹം ആകെ 81.9986 ശതമാനമാണ്.

ഒബിസി സംവരണം 27 ശതമാനമായി ഉയർത്തുന്നതുൾപ്പടെ ജാതിസെൻസസുമായി ബന്ധപ്പെട്ട തുടർനടപടികൾ സഖ്യകക്ഷികളുമായി ചർച്ച ചെയ്ത് തീരുമാനിക്കുമെന്ന് ബിഹാർ മുഖ്യമന്ത്രി നിതീഷ് കുമാർ വ്യക്തമാക്കി. സെൻസസ് എല്ലാവർക്കും ഗുണകരമാകുമെന്നും ദരിദ്രരുൾപ്പടെ സമൂഹത്തിന്റെ വിവിധ വിഭാഗങ്ങളുടെ ക്ഷേമത്തിനുതകുന്നതാകുമെന്നും നിതീഷ് കുമാർ കൂട്ടിച്ചേർത്തു.ബി.ജെ.പിയുൾപ്പടെ എല്ലാ പാർട്ടികളുടേയും പിന്തുണയോടെയാണ് സെൻസസ് തീരുമാനിച്ചതെന്നായിരുന്നു സെൻസസ് പൂർത്തിയായ വിവരം അറിയിക്കവെ നീതീഷ് വ്യക്തമാക്കിയത്.




കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്

CIAL COCHIN INTERNATIONAL AIRPORT LIMITED

**നാളെയിലേയ്ക്ക് പറക്കുന്നു**

**7 മെഗാ പദ്ധതികൾ**

1. **രാജ്യാന്തര ടെർമിനൽ വികസനം തറക്കല്ലിടൽ**
നിലവിലെ ടി. 3 പിയറിന് വടക്ക് ഭാഗത്തായി 15 ലക്ഷം ചതുരശ്രയടി വിസ്തീർണത്തിൽ മൂന്നാം ഏപ്രൺ, 8 പുതിയ എയ്റോബ്രിഡ്ജുകൾ, 5 ലക്ഷം ചതുരശ്രയടി അധിക ടെർമിനൽ സ്ഥലം. ഒന്നാം ഘട്ട വികസനം തുടങ്ങുന്നു.
2. **ഇംപോർട്ട് കാർഗോ ടെർമിനൽ ഉദ്ഘാടനം**
സിയാലിന്റെ പ്രതിവർഷ കാർഗോ കൈകാര്യം ചെയ്യൽ ശേഷി 2 ലക്ഷം മെട്രിക് ടണ്ണായി വർധിക്കും. സിവിൽ ജോലികൾ പൂർത്തിയായി. റെഗുലേറ്ററി അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവർത്തനം തുടങ്ങും.
3. **0484 ലക്ഷ്വറി എയ്റോ ലോഞ്ച് തറക്കല്ലിടൽ**
അരലക്ഷം ചതുരശ്രയടി വിസ്തീർണത്തിൽ, രാജ്യത്തെ ഏറ്റവും വലിയ വിമാനത്താവള ലോഞ്ച്. '0484' ലക്ഷ്വറി എയ്റോ ലോഞ്ചിന്റെ നിർമാണം. 42 ആഡംബര ഗസ്റ്റ് റൂമുകൾ, റസ്റ്റോറന്റ്, കോൺഫറൻസ് ഹാൾ, ജിം, സ്പാ സൗകര്യങ്ങൾ.
4. **ഡിജിയാത്ര സോഫ്റ്റ്‌വെയർ ഉദ്ഘാടനം**
സിയാലിന്റെ തന്നെ ഐ.ടി വിഭാഗം രൂപകൽപന ചെയ്ത ഡിജിയാത്ര സോഫ്റ്റ്‌വെയർ വിമാനത്താവള ടെർമിനലുകളിലെ പുറപ്പെടൽ പ്രക്രിയ സുഗമമാക്കുന്നു.
5. **അടിയന്തിര രക്ഷാസംവിധാനം ഉദ്ഘാടനം**
വിമാനത്താവള അഗ്നിശമന സേനയെ എയർപോർട്ട് എമർജൻസി സർവീസ് എന്ന നിലയിലേയ്ക്ക് ആധുനികവത്ക്കരിക്കുന്നു. ഓസ്ട്രിയൻ നിർമിത 2 ഫയർ എൻജിനുകൾ വാഹനവ്യൂഹത്തിലേക്ക് കൂട്ടിച്ചേർക്കപ്പെടുന്നു.
6. **ഇലക്ട്രോണിക് സുരക്ഷാവലയം തറക്കല്ലിടൽ**
കൊച്ചി വിമാനത്താവളത്തിന്റെ ഓപ്പറേഷണൽ മേഖലയുടെ സുരക്ഷ വർധിപ്പിക്കാൻ അത്യാധുനിക ഇലക്ട്രോണിക് സുരക്ഷാവലയം, പെരിമീറ്റർ ഇൻട്രൂഷൻ ഡിറ്റക്ഷൻ സിസ്റ്റം (പി. ഐ. ഡി. എസ്) സജ്ജമാക്കുന്നു.
7. **ഗോൾഫ് റിസോർട്സ് തറക്കല്ലിടൽ**
കേരളത്തിലെ ഏക 18-ഹോൾ ഗോൾഫ് കോഴ്സായ സിയാൽ ഗോൾഫ് കോഴ്സിൽ വിനോദസഞ്ചാര വികസനത്തിനായി റിസോർട്ടുകൾ, സ്പോർട്സ് സെന്റർ എന്നിവ നിർമിക്കുന്നു.



ഉദ്ഘാടനം
**ശ്രീ. പിണറായി വിജയൻ**
ബഹു. മുഖ്യമന്ത്രി | ചെയർമാൻ, സിയാൽ

**സിയാൽ കാർഗോ ടെർമിനൽ | 02 ഒക്ടോബർ 2023 | 4: 30 പി. എം.**

**കാര്യപരിപാടി**

സ്വാഗതം : ശ്രീ. **എസ്. സുഹാസ് ഐ. എ. എസ്**, മാനേജിങ് ഡയറക്ടർ, സിയാൽ • ആമുഖ പ്രഭാഷണം : ശ്രീ. **യൂസഫ് അലി എം. എ.**, ഡയറക്ടർ, സിയാൽ • അധ്യക്ഷ പ്രസംഗം : അഡ്വ. **പി. രാജീവ്**, ബഹു. വ്യവസായ, നിയമ, കയർ വകുപ്പ് മന്ത്രി | ഡയറക്ടർ, സിയാൽ

ഉദ്ഘാടനം : **ശ്രീ. പിണറായി വിജയൻ**, ബഹു. മുഖ്യമന്ത്രി | ചെയർമാൻ, സിയാൽ

വിശിഷ്ടാതിഥികൾ : അഡ്വ. **കെ. രാജൻ**, ബഹു. റവന്യൂ, ഹൗസിങ് വകുപ്പ് മന്ത്രി | ഡയറക്ടർ, സിയാൽ • അഡ്വ. **പി. എ. മുഹമ്മദ് റിയാസ്**, ബഹു. പൊതുമരാമത്ത്, ടൂറിസം വകുപ്പ് മന്ത്രി • ശ്രീ. **വി. ഡി. സതീശൻ**, ബഹു. പ്രതിപക്ഷ നേതാവ്

ആശംസ : ശ്രീ. **അൻവർ സാദത്ത്**, എം. എൽ. എ, ആലുവ • ശ്രീ. **റോജി എം. ജോൺ**, എം. എൽ. എ, അങ്കമാലി • ശ്രീ. **ബെന്നി ബഹനാൻ**, എം. പി, ചാലക്കുടി • ശ്രീ. **ഹൈബി ഈഡൻ**, എം. പി, എറണാകുളം (പ്രസിഡന്റ്, കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് സ്റ്റാഫ് അസോസിയേഷൻ- ഐ. എൻ. ടി. യു. സി) • ഡോ. **വി. വേണു ഐ. എ. എസ്**, ചീഫ് സെക്രട്ടറി, കേരള സർക്കാർ • ശ്രീ. **സി. എൻ. മോഹനൻ**, പ്രസിഡന്റ്, കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് സ്റ്റാഫ് ഫെഡറേഷൻ - സി. ഐ. ടി. യു • ശ്രീ. **ഇ. കെ. ഭരത് ഭൂഷൺ**, ഡയറക്ടർ, സിയാൽ • ശ്രീമതി. **അരുണ സുന്ദരരാജൻ**, ഡയറക്ടർ, സിയാൽ • ശ്രീ. **എൻ. വി. ജോർജ്**, ഡയറക്ടർ, സിയാൽ • ശ്രീ. **ഇ. എം. ബാബു**, ഡയറക്ടർ, സിയാൽ • ഡോ. **പി. മുഹമ്മദലി**, ഡയറക്ടർ, സിയാൽ • കൃതജ്ഞത : ശ്രീ. **സജി കെ. ജോർജ്**, എക്സിക്യൂട്ടീവ് ഡയറക്ടർ & കമ്പനി സെക്രട്ടറി, സിയാൽ

### ലിഫ്റ്റ് ചോദിച്ച് കയറിയത് എസ്ഐയുടെ സ്കൂട്ടറിൽ

# പീഡന ശ്രമക്കേസ് പ്രതി പിടിയിൽ

കൊല്ലം: പൊലീസിന് പിടി കൊടുക്കാതെ മുങ്ങിനടന്ന പ ീഡന ശ്രമക്കേസ് പ്രതി ലി ഫ്റ്റ് ചോദിച്ചു കയറിയത് എസ്ഐയുടെ സ്കൂട്ടറിൽ. അപകടം മണത്ത പ്രതി ഓടി രക്ഷപ്പെടാൻ ശ്രമിച്ചെങ്കിലും പിടിവീണു.
കിഴക്കേ കല്ലട സ്വദേശിനിയെ രാത്രി വീട്ടിൽക്കയറി പീഡിപ്പിക്കാൻ ശ്രമിച്ച കേസിലെ പ്രതി കൊടുവിള കരാചരുവിൽ വീട്ടിൽ ജോമോൻ (19) ആണ് പ ിടിയിലായത്. മറ്റൊരു കേസ് അന്വേഷിക്കാനുള്ള യാത്രയിലായിരുന്ന സ്പെഷ്യൽ ബ്രാഞ്ച് എസ്ഐ ബിൻസ് രാജിനോടാണ് ജോമോൻ ലിഫ്റ്റ് ചോദിച്ചത്. കൊല്ലംതേനി പാതയിൽ അലിൻഡ് ഫാക്ടറിക്ക് മുന്നിലെത്തിയപ്പോഴാണ് എസ്ഐയുടെ സ്കൂട്ടറിലാണ് ലിഫ്റ്റ് ചോദിച്ചു കയറിയതെന്ന് ജോമോൻ തിരിച്ചറിഞ്ഞത്.
ഇറങ്ങി ഓടുന്നതിനിടെ ജോമോനെ എസ്ഐ പിടികൂടാൻ ശ്രമിച്ചെങ്കിലും രക്ഷപ്പെട്ടു. പെ ാന്തക്കാട്ടിൽ ഒളിച്ച പ്രതിയെ എസ്ഐയും അലിൻഡിനു മുന്നിൽ സമരം ചെയ്യുകയായിരുന്ന യുഡിഎഫ് പ്രവർത്തകരും ചേർന്ന് പിടികൂടി.
കുണ്ടറ സ്റ്റേഷനിലെത്തിച്ച പ്രതിയെ പിന്നീട് കിഴക്കേ കല്ലട പൊലീസിന് കൈമാറി. കിഴക്കേ കല്ലട സ്റ്റേഷനിൽ, മോഷണമുൾപ്പെടെ കേസുകളിലെ പ്രതിയാണ് ജോമോനെന്ന് പൊലീസ് പറഞ്ഞു.

### കാലിക്കറ്റ് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് തെരഞ്ഞെടുപ്പ് നീളുന്നതിൽ ഹൈക്കോടതി വിശദീകരണം തേടി


കോഴിക്കോട്: കാലിക്കറ്റ് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് തെരഞ്ഞെടുപ്പ് നീണ്ടുപോകുന്നതിൽ ഹൈക്കോടതി വിശദീകരണം തേടി. ചാൻസലർ, വൈസ് ചാൻസലർ എന്നിവരോട് കോടതി വിശദീകരണം തേടിയത്. സെനറ്റിലെ എം.എസ്.എഫ് പ്രതിനിധികളായ റുമൈസ റഫീഖ്, ഷഫീഖ് എന്നിവരാണ് സിൻഡിക്കേറ്റ് തെരഞ്ഞെടുപ്പ് വൈകുന്നതിനെതിരെ കോടതിയെ സമീപിച്ചത്.സെനറ്റ് പുനഃസംഘടിപ്പിച്ചത് ജൂൺ 29നാണ്. ഇത് കഴിഞ്ഞ് മൂന്നു മാസം പിന്നിട്ടിട്ടും സിൻഡിക്കേറ്റ് തെരഞ്ഞെടുപ്പ് നടത്താൻ യൂണിവേഴ്സിറ്റി തയ്യാറായിട്ടില്ല.
നിലവിൽ നോമിനേറ്റഡ് സിൻഡിക്കേറ്റാണ് യൂണിവേഴ്സിറ്റി ഭരിക്കുന്നത്. ഇവരിൽ ആറുപേർ സി.പി.എം പ്രതിനിധികളാണ്. ഗവർണർ നോമിനേറ്റ് ചെയ്യേണ്ട രണ്ടുപേരെ നോമിനേറ്റ് ചെയ്യാത്തതാണ് സിൻഡിക്കേറ്റ് തെരഞ്ഞെടുപ്പ് വൈകാൻ കാരണമെന്നാണ് ഭരണപക്ഷം നൽകുന്ന വിശദീകരണം.



ആക്രമണത്തിൽ പരിക്കേറ്റ ബിന്ദുവും മാതാവും

# പിഞ്ചുകുഞ്ഞിന്റെ ശ്വാസകോശത്തിൽ എൽഇഡി ബൽബ് ; വിജയകരമായി നീക്കം ചെയ്തു

കൊച്ചി: പിഞ്ചുകുഞ്ഞിന്റെ ശ്വാസകോശത്തിൽ കുടുങ്ങിയ എൽഇഡി ബൽബ് നീക്കം ചെയ്തു. കോട്ടയം സ്വദേശിയായ, ഏഴുമാസം പ്രായമുള്ള കുഞ്ഞിന്റെ ശ്വാസകോശത്തിൽ നിന്നാണ് എൽഇഡി ബൽബ് വിജയകരമായി നീക്കം ചെയ്തത്.
നിലയ്ക്കാത്ത ചുമയും ശ്വാസതടസവും അനുഭവപ്പെട്ടതിനെ തുടർന്നാണ് മാതാപിതാക്കൾ കുഞ്ഞുമായി കോട്ടയത്തെ സ്വകാര്യ ആശുപത്രിയിൽ എത്തിയത്. തുടർന്ന് നടത്തിയ പരിശോധനയിൽ ശ്വാസകോശത്തിന്റെ താഴ്ഭാഗത്തായി എന്തോ വസ്തു വീണ് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടു.തുടർന്ന് വിദഗ്ധ ചികിൽസയ്ക്കായി എറണാകുളം അമൃത ആശുപത്രിയിൽ പ്രവേശിപ്പിച്ചു.
ഇവിടെ നടത്തിയ ബ്രോങ്കോസ്കോപി പരിശോധനയിലാണ് വലത്തേ ശ്വാസകോശത്തിനുള്ളിൽ ചുവന്ന നിറത്തിലുള്ള എൽഇഡി ബൽബ് കിടക്കുന്നത് കണ്ടെത്തിയത്. ഡോക്ടർമാർ ശസ്ത്രക്രിയയിലൂടെ ഇത് നീക്കം ചെയ്യുകയായിരുന്നു. കളിപ്പാട്ടത്തിന്റെയുള്ളിൽ നിന്നും ബൽബ് കുഞ്ഞിന്റെയുള്ളിലെത്തിയതാവാമെന്നാണ് ഡോക്ടർമാരുടെ പ്രാഥമിക നിഗമനം.



കുഞ്ഞിന്റെ ശ്വാസകോശത്തിൽ നിന്നും നീക്കം ചെയ്ത ബൽബ്

### ഇന്നുമുതൽ ഒരാഴ്ചത്തേയ്ക്ക് ദേശീയോദ്യാനങ്ങളിൽ പ്രവേശനം സൗജന്യം

തിരുവനന്തപുരം: ഒക്ടോബർ 2 മുതൽ 8 വരെ നടക്കുന്ന വന്യജീവി വാരാഘോഷത്തോടനുബന്ധിച്ച് സംസ്ഥാനത്തെ എല്ലാ ദേശീയോദ്യാനങ്ങളിലും കടുവ സംരക്ഷണ കേന്ദ്രങ്ങളിലും വിവിധ വന്യജീവി സങ്കേതങ്ങളിലും പൊതുജനങ്ങൾക്ക് പ്രവേശനം സൗജന്യമായിരിക്കുമെന്ന് വനം മന്ത്രി എ കെ ശശീന്ദ്രൻ അറിയിച്ചു.
വാരാഘോഷത്തോടനുബന്ധിച്ച് നടക്കുന്ന മത്സര പരിപാടികളിൽ വിജയിക്കുന്നവർക്ക് ഒക്ടോബർ 8 മുതൽ ഒരു വർഷക്കാലത്തേയ്ക്ക് എല്ലാ സംരക്ഷണ പ്രദേശങ്ങളിലും പ്രവേശനം സൗജന്യമാക്കിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

# കോഴിക്കോട് ഭാര്യയെയും ഭാര്യാമാതാവിനെയും വെട്ടിപ്പരിക്കേൽപ്പിച്ചു; പ്രതി ഒളിവിൽ

കോഴിക്കോട്: കോടഞ്ചേരിയിൽ ഭാര്യയെയും ഭാര്യാമാതാവിനെയും യുവാവ് വെട്ടിപ്പരിക്കേൽപ്പിച്ചു. പാറമല സ്വദേശി ബിന്ദു, മാതാവ് ഉണ്ണിയാത എന്നിവർക്കാണ് വെട്ടേറ്റത്. ഇന്നു രാവിലെ ആറുമണിയോടെയാണു ആക്രമണം. സംഭവത്തിന് പിന്നാലെ ഭർത്താവ് ഷിബു ഒളിവിൽ പോയി.
ബിന്ദുവിന്റെ തോളിനും തലയ്ക്കും കൈക്കുമാണ് വെട്ടേറ്റത്. ആക്രമണത്തിൽ ഉണ്ണിയാതയുടെ ഒരു കൈവിരൽ വേർപെട്ടു. കുടുംബ വഴക്കിനെ തുടർന്നാണ് ആക്രമണമെന്ന് പൊലീസ് പറഞ്ഞു. പരുക്കു ഗുരുതരമായതിനാൽ ഇരുവരെയും താമരശ്ശേരി ഗവ. താലൂക്ക് ആശുപത്രിയിൽനിന്ന് കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിലേക്കു മാറ്റി. രണ്ടുവർഷമായി ബിന്ദുവും ഷിബുവും പിരിഞ്ഞു താമസിക്കുകയായിരുന്നു. ഇവർക്ക് മൂന്ന് മക്കളുണ്ട്.ഒളിവിൽ പോയ പ്രതിയാക്കായി അന്വേഷണം ഊർജിതമാക്കിയതായി പൊലീസ് പറഞ്ഞു.

# സംസ്ഥാന വ്യാപക ശുചീകരണ യജ്ഞത്തിന് തുടക്കം

തിരുവനന്തപുരം: മാലിന്യമുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി ഗാന്ധിജയന്തി ദിനത്തിൽ സംസ്ഥാന വ്യാപക ശുചീകരണ യജ്ഞത്തിന്റെ രണ്ടാം ഘട്ടത്തിന് ഇന്ന് തുടക്കമാകും. തദ്ദേശവകുപ്പ് സംഘടിപ്പിക്കുന്ന സംസ്ഥാന വ്യാപക ശുചീകരണ യജ്ഞത്തിൽ 25 ലക്ഷം പേർ പങ്കെടുക്കും. ഓരോ വാർഡിൽനിന്നും കുറഞ്ഞത് 200 പേർ പങ്കെടുക്കുന്ന യജ്ഞത്തിൽ നഗര പ്രദേശങ്ങൾ, ബസ് സ്റ്റാൻഡ്, റെയിൽവേ സ്റ്റേഷൻ, പാർക്കുകൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ, മാർക്കറ്റുകൾ തുടങ്ങിയ സ്ഥലങ്ങളാണ് വൃത്തിയാക്കുക.
2024 ജനുവരി 30 വരെ നടക്കുന്ന ക്യാമ്പയിനിന്റെ രണ്ടാംഘട്ടത്തിലെ തീവ്ര ശുചീകരണ പ്രവർത്തനങ്ങൾക്കാണ് തിങ്കൾ തുടക്കമാകുക. സ്വച്ഛതാഹി സേവാ ക്യാമ്പയിനിന്റെ ഭാഗമായി ഞായറാഴ്ച നാടാകെ ശുചീകരണം നടത്തി. ഗാന്ധിജയന്തി ദിനത്തിൽ 23,000 ഇടങ്ങൾ മാലിന്യമുക്തമാക്കും.
വിദ്യാലയങ്ങളിലും സർക്കാർ സ്ഥാപനങ്ങളിലും 100 ശതമാനം മാലിന്യ സംസ്കരണം ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ 10 വരെ തുടരും. വ്യാപാര- സ്വകാര്യ സ്ഥാപനങ്ങളിൽ മാലിന്യ പരിപാലന സംവിധാനം ഉറപ്പാക്കുന്നതും ഹരിത പ്രോട്ടോക്കോൾ പാലിക്കുന്നതും ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ 10 മുതൽ 20 വരെ നടക്കും. വിനോദസഞ്ചാര കേന്ദ്രങ്ങളുടെ നിലവിലുള്ള മാലിന്യസംസ്കരണ രംഗത്തെ വിടവ് വിലയിരുത്തൽ, ചിക്കൻ കട്ടിങ് കേന്ദ്രങ്ങൾ 100 ശതമാനം ചിക്കൻ റെൻഡറിങ് ഏജൻസികളുമായി കരാർ വച്ചുവെന്ന് ഉറപ്പാക്കൽ, മാലിന്യക്കൂനകളുടെ സമ്പൂർണ ശുചീകരണം, ജലാശയങ്ങളിലെ ഖരമാലിന്യം നീക്കം ചെയ്യൽ തുടങ്ങിയവയും ഒക്ടോബറിൽ പൂർത്തിയാക്കും.

### കേളപ്പജി പാർക്ക് ശുചീകരിച്ചു

നടക്കാവ്: വെസ്റ്റ് നടക്കാവിലെ കേളപ്പജി പാർക്ക് കോളേജ് ഓഫ് അപ്ലയ്ഡ് സയൻസ്- ഐഎച്ച്ആർഡി കോഴിക്കോടിന്റെ എൻ.എസ്.എസ് യൂണിറ്റുകളായ 63,11 എന്നിവയുടെ നേതൃത്വത്തിൽ ഗാന്ധിജയന്തി ദിനത്തോടനുബന്ധിച്ച് ശുചീകരിച്ചു. കോർപ്പറേഷൻ കൗൺസിലർ ഡോ.അൽഫോൺസാ മാത്യു പരിപാടി ഉദ്ഘാടനം ചെയ്തു. പ്രോഗ്രാം ഓഫീസർ ജിൻഷ സി നന്ദി സ്വാഗതമാശംസിച്ചു. മാധ്യമ പ്രവർത്തകനായ പി.ടി.നിസാർ, സാമൂഹിക പ്രവർത്തകനായ ജോയ്പ്രസാദ് പുളിക്കൽ ആശംസകൾ നേർന്നു. വിദ്യാർത്ഥികളായ വിശാൽ, ആഗ്ന, ധ്യാൻ, വാണി എന്നിവർ നേതൃത്വം നൽകി. പ്രോഗ്രാം ഓഫീസർ അമൃത. കെ നന്ദി പറഞ്ഞു.




### അജയ് മാക്കൻ കോൺഗ്രസ് ദേശീയ ട്രഷറർ

ന്യൂഡൽഹി: കോൺഗ്രസ് ദേശീയ ട്രഷററായി മുതിർന്ന നേതാവ് അജയ് മാക്കനെ നിയമിച്ചു. ദേശീയ അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയാണ് പവൻ കുമാർ ബൻസാലിനു പകരക്കാരനായി മാക്കൻറെ പേര് പ്രഖ്യാപിച്ചത്. കെ.സി വേണുഗോപാൽ പുതിയ നിയമനം വാർത്താകുറിപ്പിലൂടെ പുറത്തുവിട്ടത്.എ.ഐ.സി.സി ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ച അജയ് മാക്കൻ നിലവിൽ പ്രവർത്തക സമിതി അംഗമാണ്. മൻമോഹൻ സിങ് സർക്കാരിൽ യുവജന, സ്പോർട്സ്, ആഭ്യന്തര സഹമന്ത്രി സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. ഡൽഹിയിൽ ഷീലാ ദീക്ഷിത് സർക്കാരുകളിലും വിവിധ വകുപ്പുകൾ കൈകാര്യം ചെയ്തിട്ടുണ്ട്.

# സംസ്ഥാനത്ത് ഇന്നും ശക്തമായ മഴയ്ക്ക് സാധ്യത; മൂന്നു ജില്ലകളിൽ യെല്ലോ അലർട്ട്

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നും ഒറ്റപ്പെട്ട ശക്തമായ മഴ തുടരും. ഇന്ന് മൂന്നു ജില്ലകളിലാണ് യെല്ലോ അലർട്ട് പുറപ്പെടുവിച്ചിട്ടുള്ളത്. പത്തനംതിട്ട, ആലപ്പുഴ, എറണാകുളം ജില്ലകളിലാണ് ഇന്ന് ശക്തമായ മഴ മുന്നറിയിപ്പുള്ളത്.
ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിച്ചിരിക്കുന്നത്. 24 മണിക്കൂറിൽ 64.5 മില്ലിമീറ്റർ മുതൽ 115.5 മില്ലിമീറ്റർ വരെ മഴ ലഭിക്കുന്ന സാഹചര്യത്തെയാണ് ശക്തമായ മഴ എന്നത് കൊണ്ട് അർത്ഥമാക്കുന്നത്. മഴ ശക്തി പ്രാപിക്കാൻ സാധ്യതയുള്ള മലയോര/ തീരദേശ മേഖലയിൽ പ്രത്യേക ജാഗ്രത പുലർത്തണമെന്നും മുന്നറിയിപ്പുണ്ട്. പത്തനംതിട്ട, കോട്ടയം, എറണാകുളം, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ നേരിയ മഴയ്ക്ക് സാധ്യതയുണ്ട്. കേരള തീരത്തു ഇന്നു രാത്രി 11.30 വരെ 0.9 മുതൽ 2.0 മീറ്റർ വരെയും തെക്കൻ തമിഴ്നാട് തീരത്ത് 0.8 മുതൽ 2.0 മീറ്റർ വരെയും ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്നു ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

# പയ്യോളി നാരായണന്റെ സ്മരണ പുതുക്കി

കേരള പ്രവാസി സംഘത്തിന്റെ സ്ഥാപക നേതാക്കളിൽ ഒരാളും, ജില്ലയിൽ പ്രവാസി സംഘം കെട്ടിപ്പടുക്കാൻ കഠിനാദ്ധ്വാനം ചെയ്ത പയ്യോളി നാരയണൻ, തുടക്കത്തിൽ പ്രവാസി ക്ഷേമനിധി ബോർഡ് മെംബർകൂടി ആയിരുന്നു.
അദ്ദേഹത്തിന്റെ ഉജ്ജ്വലമായ സ്മരണ പുതുക്കി കൊണ്ട് ജില്ലയിലെ വിവിധ ഏരിയ കമ്മറ്റികളുടെ നേതൃത്വത്തിൽ പതാക ഉയർത്തലും അനുസ്മരണ യോഗങ്ങളും നടന്നു.
കോഴിക്കോട് കേരള പ്രവാസി സംഘത്തിന്റെ ജില്ലാ കമ്മറ്റി ആഫീസിൽ പയ്യോളി നാരായണന്റെ ഫോട്ടൊ സംസ്ഥാന ട്രഷറർ ബാദുഷ കടലുണ്ടി അനാച്ഛാദനം ചെയ്തു.





പതാക ജില്ലാ പ്രസിഡണ്ട് സജീവ് കുമാർ ഉയർത്തി.ശേഷം ചേർന്ന അനുസ്മരണ യോഗത്തിൽ സംസ്ഥാന വൈസ് പ്രസിഡണ്ട് ഷാഫി പി , ജില്ലാ സെക്രട്ടറി സിവി .ഇഖ്ബാൽ, പേരോത്ത് പ്രകാശൻ, ഖബീർ സലാല, വി.പി മൊയ്തീൻ കോയ, ആസാദ് തുടങ്ങിയവർ സംസാരിച്ചു. ടി.ജഷിജിത്ത് നന്ദിയും പ്രകാശിപ്പിച്ചു.

### വൺ റാങ്ക് വൺ പെൻഷൻ– 2 നടപ്പിലാക്കിയതിലുള്ള അപാകത: ഡൽഹി സമരത്തിന് ഐക്യദാർഢ്യം; പ്രതിനിധി സംഘം 4ന് യാത്ര തിരിക്കും

കോഴിക്കോട്: വൺ റാങ്ക്, വൺ പെൻഷൻ-2 നടപ്പിലാക്കിയതിലുള്ള അപാകതകൾ പരിഹരിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ന്യൂഡൽഹി ജന്ദർ മന്ദറിൽ നടക്കുന്ന പ്രക്ഷോഭത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് വെറ്ററൻസ്, ഇസിഎച്ച് എസ് ആന്റ് സി എസ് ഡി വെൽഫെയർ ഫോറം കോഴിക്കോടിന്റെ ആഭിമുഖ്യത്തിൽ 25 പേരടങ്ങുന്ന പ്രതിനിധി സംഘം ഒക്ടോബർ 4ന് ഉച്ചക്ക് ഒന്നര മണിക്ക് കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽ നിന്ന് പുറപ്പെടുമെന്ന് പ്രസിഡണ്ട് എ.വിശ്വനാഥനും സെക്രട്ടറി ഗിരീഷ്.പിയും അറിയിച്ചു. മിലിട്ടറിയിൽ നിന്ന് റിട്ടയർ ചെയ്ത പേർസണൽ ബിലോ ഓഫീസർ റാങ്ക് ഇൽ ഉള്ളവരാണ് വലിയതോതിൽ പെൻഷൻ ഫിക്സ് ചെയ്യുമ്പോൾ തഴയപ്പെട്ടത്. OROP-2 നിലവിൽ വന്നശേഷം ഓഫീസേഴ്സിനും, പിബിഒ ആറുകാർക്കും പെൻഷനിൽ വലിയ അന്തരമാണുള്ളത്. മിലിട്ടറി സർവ്വീസ് പെൻഷൻ ഏകീകരിക്കുക എന്നതാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രക്ഷോഭത്തിന് മറ്റൊരു കാരണം . 7th പേ കമ്മീഷനിൽ സാലറി റിവൈസ് ചെയ്തപ്പോൾ വന്ന വ്യതിയാനമാണിതിന് കാരണം. പെൻഷനടക്കമുള്ള വിഷയങ്ങളിൽ തീരുമാനമെടുക്കുന്ന കമ്മറ്റികളിൽ ഓഫീസേഴ്സിന്റെ പ്രതിനിധികൾക്ക് മാത്രമാണ് പങ്കാളിത്തമുള്ളത്. ഇതിൽ പിബിഒആറിന്റെ പ്രതിനിധികളെയും ഉൾപ്പെടുത്തണം. വൺ റാങ്ക്, വൺ പെൻഷൻ കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ടെങ്കിലും ശരിയായ രീതിയിലല്ല നടപ്പാക്കുന്നത്. അപാകതകൾ തിരുത്തി നടപ്പാക്കാൻ കഴിഞ്ഞ 220 ദിവസത്തോളമായി രാജ്യം കാത്ത സൈനികർ പ്രക്ഷോഭത്തിലാണ്. എന്നാൽ ഈ പ്രക്ഷോഭത്തിനെതിരെ പുറംതിരിഞ്ഞു നിൽക്കുന്ന ഒരു സമീപനമാണ് കേന്ദ്രസർക്കാർ ഇതുവരെ സ്വീകരിച്ചു വരുന്നത്. രാജ്യം സംരക്ഷിക്കുന്നതിനിടക്ക് ഡിസേബിലിറ്റി സംഭവിക്കുന്നത് എല്ലാവർക്കും ഒരു പോലെയാണ്. എന്നാൽ ഡിസേബിലിറ്റി പെൻഷൻ ഓഫീസേഴ്സിന് അനുവദിക്കുന്നത് പി ബി ഓ ആറിനേക്കാൾ ആറ് ഇരട്ടി കൂടുതലാണ് . കോഴിക്കോട് ജില്ലയിൽ 16000ത്തോളം വിമുക്തഭടന്മാരും, അവരുടെ കുടുംബാംഗങ്ങളുമുണ്ട്. അവരുടെയെല്ലാം പിന്തുണ ജന്ദർ മന്ദറിൽ നടക്കുന്ന പ്രക്ഷോഭത്തിനുണ്ട്. ഒക്ടോബർ നാലിന് കോഴിക്കോട് റെയിൽവേസ്റ്റേഷനിൽ നടക്കുന്ന ഐക്യദാർഢ്യ പ്രതിനിധി സംഘത്തിന്റെ യാത്രയയപ്പ് പരിപാടിയിൽ ഈ രംഗത്തെ മറ്റ് സംഘടനകൾക്കും സംബന്ധിക്കാമെന്നവർ കൂട്ടിച്ചേർത്തു.





ഉന്നതി
യാഥാർത്ഥ്യമാക്കാം, ഒരു ജനതയുടെ ഉന്നമനം

കേരള സർക്കാർ
പട്ടികജാതി പട്ടികവർഗ്ഗ
പിന്നാക്കവിഭാഗ വികസന വകുപ്പ്
പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ
പിന്നാക്കവിഭാഗ വികസന കോർപ്പറേഷൻ
കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ കോർപ്പറേഷൻ
പരിവർത്തിത ക്രൈസ്തവ ശുപാർശിതവിഭാഗ വികസന കോർപ്പറേഷൻ



സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം 2023 ഒക്ടോബർ 2–16

സംസ്ഥാനതല ഉദ്ഘാടനം
ശ്രീ. പിണറായി വിജയൻ
ബഹു. മുഖ്യമന്ത്രി
2023 ഒക്ടോബർ 2 തിങ്കളാഴ്ച
രാവിലെ 11.30 ന്
ടൗൺ ഹാൾ, എറണാകുളം

സമാപന സമ്മേളന ഉദ്ഘാടനം
ശ്രീ. കെ. രാധാകൃഷ്ണൻ
ബഹു. പട്ടികജാതി പട്ടികവർഗ്ഗ
പിന്നാക്കവിഭാഗ വികസനം, ദേവസ്വം,
പാർലമെന്ററി കാര്യം വകുപ്പ് മന്ത്രി
2023 ഒക്ടോബർ 16 തിങ്കളാഴ്ച
സി. കേശവൻ മെമ്മോറിയൽ ടൗൺ ഹാൾ,
കൊല്ലം

അഭ്യസ്തവിദ്യരായ യുവജനങ്ങളെ തൊഴിൽ സംരംഭകരും തൊഴിൽ ദാതാക്കളുമാക്കുന്ന കേരള എംപവർമെന്റ് സൊസൈറ്റി

സേഫ് പദ്ധതിയിൽ വീടുകൾക്ക് പുതുമോടി

വിദേശ പഠനത്തിന് സ്കോളർഷിപ്പ്

കേന്ദ്ര സർക്കാർ നിർത്തലാക്കിയ 1 മുതൽ 8–ാം ക്ലാസ്സ് വരെയുള്ള പിന്നാക്കവിഭാഗ വിദ്യാർത്ഥികളുടെ പ്രീമെട്രിക് സ്കോളർഷിപ്പ് കേരള സർക്കാർ പുനഃസ്ഥാപിച്ച് നൽകുന്നു.

തൊഴിൽ പരിശീലനത്തിനും നൈപുണ്യത്തിനും ട്രേസ്

ഉയരാം ഒത്തു ചേർന്ന്...

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ
കേരള സർക്കാർ
കേരളീയം Keraleeyam
എന്റെ കേരളം എന്റെ അഭിമാനം

# കസ്റ്റഡിയിൽ നിന്ന് രക്ഷപെട്ട ഐഎസ് ഭീകരൻ ഷാഫി ഉസാമ പിടിയിൽ



ന്യൂഡൽഹി: എൻഐഎ അന്വേഷിച്ചുകൊണ്ടിരുന്ന ഐഎസ് ഭീകരൻ ഷാഫി ഉസാമ അറസ്റ്റിൽ.

ദേശീയ അന്വേഷണ ഏജൻസിയുടെ മോസ്റ്റ് വാണ്ടഡ് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നയാളാണ് ഷാഫി ഉസാമ. ഭീകരവിരുദ്ധ ഏജൻസിയുടെ പരിശോധനയ്ക്കിടെയാണ് ഡൽഹിയിൽ പിടിയിലായത്.

ഷാഫി ഉസാമ എന്ന ഷാനവാസിനെ ഡൽഹി പൊലീസിന്റെ പ്രത്യേക സെൽ രാജ്യതലസ്ഥാനത്തെ ഒളിത്താവളത്തിൽ നിന്നാണ് അറസ്റ്റ് ചെയ്തത്. കസ്റ്റഡിയിൽ നിന്ന് രക്ഷപ്പെട്ട് ഒളിവിൽ കഴിയുകയായിരുന്നു. വിവരം നൽകുന്നവർക്ക് എൻഐഎ മൂന്ന് ലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിച്ചിരുന്നു.

നിരവധി സംസ്ഥാനങ്ങളിലെ ഭീകര ശൃംഖലകളെ തകർക്കാൻ എൻഐഎയുമായി ചേർന്ന് പ്രവർത്തിക്കുന്ന ഡൽഹി പൊലീസിന്റെ പ്രത്യേക സെൽ ആണ് പിടികൂടിയത്.

# പങ്കാളിത്ത പെൻഷൻ ഉപേക്ഷിക്കണമെന്ന് സർക്കാർ ജീവനക്കാർ; മുഖം തിരിച്ച് കേന്ദ്രം

ന്യൂഡൽഹി: പഴയ പെൻഷൻ രീതിയിലേക്ക് കേന്ദ്ര സർക്കാർ തിരികെ പോകണമെന്ന ആവശ്യം ശക്തമാകുന്നു. കോൺഗ്രസ് സർക്കാരുകൾ പുതിയ പെൻഷൻ പദ്ധതി ഉപേക്ഷിക്കുമെന്ന് പ്രഖ്യാപിച്ചു കഴിഞ്ഞു. പഴയ രീതിയിലേക്ക് പെൻഷൻ പദ്ധതി തിരികെ കൊണ്ടുവരണമെന്ന് ആം ആദ്മി പാർട്ടിയും ആവശ്യപ്പെട്ടു.ഡൽഹി രാംലീല മൈതാനത്ത് ഒത്തുകൂടിയ ആയിരക്കണക്കിന് കേന്ദ്ര സർക്കാർ ജീവനക്കാരുടെ ആവശ്യം, പഴയ പെൻഷൻ രീതിയിലേക്ക് തിരികെ പോകണം എന്നതായിരുന്നു. രാജസ്ഥാൻ സർക്കാരാണ് പഴയ പെൻഷൻ രീതി പുനഃസ്ഥാപിക്കാൻ മുൻകൈയെടുത്തത്. ഹിമാചൽ പ്രദേശിൽ അധികാരം തിരികെ പിടിക്കാൻ കോൺഗ്രസിന് ഉപകരിച്ചത് ഇതേ ആയുധമായിരുന്നു. കർണാടകയ്ക്ക് പിന്നാലെ മധ്യപ്രദേശിലും കോൺഗ്രസ് ഉയർത്തിക്കാട്ടുന്നത് പുതിയ പെൻഷൻ പദ്ധതി ഉപേക്ഷിക്കുമെന്നാണ്.

പങ്കാളിത്ത പെൻഷൻ ഉപേക്ഷിക്കണമെന്ന ആവശ്യം നടപ്പാക്കാത്തതിനാൽ ഉത്തർ പ്രദേശ് നിയമസഭയിൽ നിന്നും പ്രധാന പ്രതിപക്ഷമായ സമാജ്‌വാദി പാർട്ടി ഇറങ്ങിപ്പോയിരുന്നു. പഞ്ചാബിൽ ആം ആദ്മി സർക്കാരും അനുകൂല നിലപാടിലാണ്. ഡൽഹിയിൽ സംസ്ഥാന സർക്കാരിന് ഇക്കാര്യത്തിൽ തീരുമാനം എടുക്കാൻ കഴിയാത്തതിനാൽ കേന്ദ്രസർക്കാർ സമര ആവശ്യം അംഗീകരിക്കണമെന്ന് മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാൾ പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടു.അതേസമയം, പഴയ രീതി നടപ്പിലാക്കാനാവില്ല എന്ന നിലപാടിൽ ഉറച്ചുനിൽക്കുകയാണ് കേന്ദ്രസർക്കാർ. 20 സംസ്ഥാനങ്ങളിൽ നിന്നായി എത്തിയ ആയിരക്കണക്കിന് പേരുടെ സമ്മേളനം സർക്കാരിന് വലിയ സമ്മർദമാണ് സൃഷ്ടിച്ചിരിക്കുന്നത്.

# രാമനവമി ആഘോഷത്തിനിടെ തീയിട്ട മദ്രസയുടെ പുനർനിർമാണത്തിന് 30 കോടി നൽകി ബിഹാർ സർക്കാർ

പട്ന: ബിഹാറിലെ നളന്ദ ജില്ലയിൽ രാമനവമി ഘോഷയാത്രയ്ക്കിടെ സംഘ്പരിവാർ അക്രമികൾ തീയിട്ട മദ്രസയ്ക്ക് 30 കോടി നൽകി ബിഹാർ സർക്കാർ. ബീഹാർ ഷെരീഫിലെ മുരാർപൂർ പ്രദേശത്തെ അസീസിയ മദ്രസയുടെ പുനർനിർമാണത്തിനാണ് സർക്കാർ തുക അനുവദിച്ചത്.

കഴിഞ്ഞ മാർച്ച് 31നായിരുന്നു ഹിന്ദുത്വവാദികളായ അക്രമികൾ മദ്രസയും ലൈബ്രറിയും അടിച്ച് തകർക്കുകയും തീയിടുകയും ചെയ്തത്. ജയ് ശ്രീറാം വിളികളുമായെത്തിയ സംഘം പ്രദേശത്തെ പള്ളികൾക്കും മദ്രസകൾക്കും വീടുകൾക്കും നേരെ ആക്രമണം അഴിച്ചുവിടുകയായിരുന്നു. ആയിരത്തോളം വരുന്ന അക്രമികളാണ് അസീസിയ മദ്രസ തകർക്കുകയും ലൈബ്രറിക്ക് തീയിടുകയും ചെയ്തതെന്ന് മസ്ജിദിൻറെ ഇമാമും കാര്യസ്ഥനുമായ മുഹമ്മദ് സിയാബുദ്ദീൻ പറഞ്ഞിരുന്നു.

4,500ലധികം പുസ്തകങ്ങളുടെ ശേഖരമുള്ള 110 വർഷം പഴക്കമുള്ള ലൈബ്രറി ആക്രമണത്തിൽ ചാരമായതായും അദ്ദേഹം പറഞ്ഞിരുന്നു. മസ്ജിദിന്റെ മിനാരം തകർത്ത ഹിന്ദുത്വ അക്രമികൾ മദ്രസയിൽ കയറി കല്ലെറിഞ്ഞെന്നും ഇമാം പറഞ്ഞു. മസ്ജിദിലുള്ള ഒരാളെ ജയ് ശ്രീറാം വിളിക്കാനാവശ്യപ്പെട്ട് ഭീഷണിപ്പെടുത്തി.

തുടർന്ന് പള്ളിയിലേക്കും ലൈബ്രറിയിലേക്കും പെട്രോൾ ബോംബുകൾ എറിയുകയും പരിസരത്ത് പാർക്ക് ചെയ്തിരുന്ന വാഹനങ്ങൾക്ക് തീയിടുകയും ചെയ്തെന്നും അദ്ദേഹം വ്യക്തമാക്കിയിരുന്നു. 31ന് ശ്രാം കല്യാൺ മൈതാനത്തുനിന്ന് മണിറാം അഖാഡയിലേക്കുള്ള രാമനവമി ഘോഷയാത്രയ്ക്കിടെയാണ് അക്രമമുണ്ടായതെന്ന് ദൃക്സാക്ഷി പറഞ്ഞിരുന്നു. പ്രദേശത്തെ നിരവധി കടകൾ അക്രമികൾ കത്തിക്കുകയും കാവി പതാകകൾ സ്ഥാപിക്കുകയും ചെയ്തു.

അക്രമികളുടെ കൈയിൽ വാളുകളും വടികളുമുണ്ടായിരുന്നെന്നും അവർ 'ജയ് ശ്രീറാം' വിളിച്ചുകൊണ്ടാണ് വന്നതെന്നും മദ്രസയിലെ സെക്യൂരിറ്റിയായ മോഹൻ ബഹദൂർ





പറഞ്ഞിരുന്നു. താൻ സംഭവസ്ഥലത്ത് നിന്ന് ഓടിപ്പോയെന്നും എന്നാൽ അവർ തൻറെ മുറിയിൽ നിന്ന് 3,500 രൂപ എടുത്തുകൊണ്ടുപോയതായും അദ്ദേഹം പറഞ്ഞിരുന്നു.

അതേസമയം, ബിഹാറിൽ രാമനവമി ഘോഷയാത്രയ്ക്കിടെയുണ്ടായ അക്രമം ആസൂത്രിതമായിരുന്നെന്ന് പൊലീസ് വ്യക്തമാക്കിയിരുന്നു. ഇതിനായി 457 പേരടങ്ങുന്ന വാട്ട്സ്ആപ്പ് ഗ്രൂപ്പുണ്ടാക്കി ഗൂഢാലോചനകൾ നടത്തിയെന്നും ഇതിനു പിന്നിൽ ബജ്‌റംഗ്ദൾ കൺവീനർ കുന്ദൻ കുമാറാണെന്നും എ.ഡി.ജി.പി ജിതേന്ദ്ര സിങ് ഗവാർ പറഞ്ഞിരുന്നു.

കുന്ദൻ കുമാറുണ്ടാക്കിയ വാട്ട്സ്ആപ്പ് ഗ്രൂപ്പിലായിരുന്നു ആ ദിവസങ്ങളിൽ നടത്തേണ്ട ആക്രമണങ്ങളെ കുറിച്ചുള്ള ആസൂത്രണവും ഗൂഢാലോചനയും നടന്നിരുന്നതെന്ന് പൊലീസ് വ്യക്തമാക്കി. വ്യാപക അക്രമമാണ് റാലിക്കിടെ ഉണ്ടായത്. ബിഹാർ ഷരീഫിൽ മാത്രമല്ല, ജില്ലയിലെ മറ്റിടങ്ങളിലും ഇത്തരത്തിൽ ആക്രമണങ്ങൾ നടന്നു.

ഇത് പൊടുന്നനെ ഉണ്ടായ അക്രമങ്ങളല്ലെന്നും കൃത്യമായ ആസൂത്രണം ഇതിനു പിന്നിൽ ഉണ്ടായിരുന്നതായും പൊലീസ് ചൂണ്ടിക്കാട്ടിയിരുന്നു. ഇതിന്റെയെല്ലാം പ്രധാന ആസൂത്രകൻ ബജ്‌റംഗ്ദൾ നേതാവാണെന്നും പൊലീസ് വിശദമാക്കിയിരുന്നു. കേസുമായി ബന്ധപ്പെട്ട് 140പേരെ അറസ്റ്റ് ചെയ്തതായും 15 എഫ്.ഐ.ആറുകൾ രജിസ്റ്റർ ചെയ്തതായും നേരത്തെ പൊലീസ് പറഞ്ഞിരുന്നു.

# സവർക്കർക്കെതിരായ പരാമർശം; രാഹുൽ ഗാന്ധിക്ക് ലഖ്നൗ കോടതിയുടെ നോട്ടിസ്

കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിക്ക് ലഖ്നൗ കോടതിയുടെ നോട്ടീസ്. അഭിഭാഷകനായ നൃപേന്ദ്ര പാണ്ഡേ സമർപ്പിച്ച ഹരജിയിലാണ് ലഖ്നൗ സെഷൻസ് കോടതി രാഹുലിന് നോട്ടീസ് അയച്ചത്. ഭാരത് ജോഡോ യാത്രക്കിടെ കഴിഞ്ഞ വർഷം മഹാരാഷ്ട്രയിൽ രാഹുൽ ഗാന്ധി സവർക്കെതിരെ അപകീർത്തികരമായ പരാമർശം നടത്തിയെന്നാണ് ആരോപണം.നൃപേന്ദ്ര പാണ്ഡെയുടെ ഹരജി ഈ വർഷം ജൂണിൽ അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് അംബ്രീഷ് കുമാർ ശ്രീവാസ്തവ തള്ളിയിരുന്നു. ഇത്



ചോദ്യം ചെയ്ത് സമർപ്പിച്ച ഹരജിയിലാണ് ലഖ്നൗ ജില്ലാ സെഷൻസ് ജഡ്ജി അശ്വിനി കുമാർ ത്രിപാഠി രാഹുൽ ഗാന്ധിക്ക് നോട്ടീസ് അയച്ചത്.സവർക്കർ ഗാന്ധിയനാണെന്നും അദ്ദേഹത്തെ അധിക്ഷേപിക്കുന്ന പരാമർശങ്ങളാണ് രാഹുൽ ഗാന്ധി നടത്തിയതെന്നുമാണ് ഹരജിക്കാരന്റെ വാദം. കേസ് നവംബർ ഒന്നിന് പരിഗണിക്കും.

# യു. പിയിൽ 22കാരിയെ പൊലീസുകാർ പീഡിപ്പിച്ചു; ഭീഷണിപ്പെടുത്തി പണം തട്ടി; മൂന്ന് ഉദ്യോഗസ്ഥർക്കെതിരെ കേസ്

ഗാസിയാബാദ്: യു.പിയിൽ 22കാരിയെ പൊലീസുകാർ ലൈംഗികമായി പീഡിപ്പിച്ചു. പ്രതിശ്രുത വരനൊപ്പം പാർക്കിൽ ഇരിക്കവെ ഭീഷണിപ്പെടുത്തുകയും പണം തട്ടിയെടുക്കുകയും തുടർന്ന് ബന്ദിയാക്കി പീഡിപ്പിക്കുകയും ചെയ്തെന്നാണ് പരാതി. നോയിഡ സ്വദേശിനിയായ പെൺകുട്ടിയാണ് പീഡനത്തിന് ഇരയായത്. സംഭവത്തിൽ രാകേഷ് കുമാർ, ദിഗംബർ കുമാർ, പേരറിയാത്ത മറ്റൊരു പൊലീസുകാരൻ എന്നിവർക്കെതിരെ കേസെടുത്തു. സെപ്തംബർ 16നാണ് സംഭവം.

താനും ബുലന്ദ്ഷഹർ സ്വദേശിയായ പ്രതിശ്രുതവരനും ഗാസിയാബാദിലെ സായ് ഉപവൻ നഗരവനം സന്ദർശിക്കാൻ പോയപ്പോൾ മൂന്ന് പൊലീസുകാർ അടുത്തെത്തുകയും യുവാവിനെ ജയിലിൽ അടയ്ക്കുമെന്ന് ഭീഷണിപ്പെടുത്തി 10,000 രൂപ നൽകാൻ ആവശ്യപ്പെടുകയും ചെയ്തതായി യുവതിയുടെ പരാതിയിൽ പറയുന്നു.

എന്നാൽ പണമില്ലെന്നും വെറുതെവിടണമെന്നും അപേക്ഷിച്ച് പൊലീസുകാരുടെ കാലിൽ വീണെങ്കിലും അവരുടെ മനസലിഞ്ഞില്ല. തുടർന്ന് പേടിഎം വഴി 1000 രൂപ നൽകാൻ പ്രതിശ്രുത വരനെ നിർബന്ധിച്ചു. അത് നൽകി.

എന്നാൽ 5.5 ലക്ഷം രൂപ കൂടി നൽകിയില്ലെങ്കിൽ ഗുരുതര പ്രത്യാഘാതങ്ങൾ നേരിടേണ്ടിവരുമെന്ന് ഇവർ ഭീഷണിപ്പെടുത്തിയതായും യുവതി ആരോപിച്ചു. പൊലീസുകാർ തന്നെ തല്ലിയെന്നും ലൈം?ഗികബന്ധത്തിന് രാകേഷ് കുമാർ തന്നെ നിർബന്ധിച്ചെന്നും യുവതി പരാതിയിൽ പറയുന്നു. വിട്ടയക്കുന്നതിന് മുമ്പ് ഇരുവരെയും ഏകദേശം മൂന്ന് മണിക്കൂറോളം ബന്ദികളാക്കി പീഡിപ്പിച്ചെന്ന് പരാതിയിൽ ചൂണ്ടിക്കാട്ടുന്നു. ഇതുകൊണ്ടും ദുരിതം അവസാനിച്ചില്ല. ആവർത്തിച്ചുള്ള ഫോൺ കോളുകളിലൂടെ പ്രതികൾ യുവതിയെ ശല്യപ്പെടുത്തുകയും അവളുടെ വീട്ടിലെത്തുകയും ചെയ്തു. സെപ്തംബർ 19ന് രാകേഷ് കുമാർ യുവതിയെ വിളിക്കുകയും വീണ്ടും ലൈംഗികാവശ്യം ഉന്നയിക്കുകയും ചെയ്തു. ഇതിന്റെ തെളിവായി ഹാജരാക്കാൻ യുവതി സംഭാഷണം റെക്കോർഡ് ചെയ്തു. തുടർന്ന് കേസ് ഫയൽ ചെയ്യാൻ ഇരുവരും തീരുമാനിച്ചതായി മനസിലാക്കിയ പ്രതികളിലൊരാളായ രാകേഷ് കുമാർ യുവതിയുടെ വീട്ടിലെത്തി ഭീഷണിപ്പെടുത്തി.

ഭീഷണി ഭയന്നും മാനസിക ആഘാതം മൂലവും ഉടൻ തന്നെ പരാതി നൽകാൻ യുവതിക്കായില്ല. തുടർന്ന് പത്ത് ദിവസത്തിനു ശേഷം യുവതി സഹായത്തിനായി പൊലീസ് എമർജൻസി നമ്പറിൽ വിളിച്ചപ്പോഴാണ് സംഭവം പുറത്തറിയുന്നത്. ഡൽഹി പൊലീസിന്റെ കൺട്രോൾ റൂമിലേക്കാണ് കോൾ വന്നതെന്നും അവർ ബന്ധപ്പെട്ട പൊലീസ് സ്റ്റേഷനിലേക്ക് പരാതി കൈമാറിയതായും ഉദ്യോഗസ്ഥർ പറഞ്ഞു.

തുടർന്ന് സെപ്തംബർ 28ന് പ്രതികൾക്കെതിരെ കോടാലി പൊലീസ് എഫ്ഐആർ ഫയൽ ചെയ്തു. ഐപിസി 354 എ (1)(ii), 323, 504, 342 എന്നീ വകുപ്പുകൾ പ്രകാരമാണ് ഇവർക്കെതിരെ കേസെടുത്തത്.

ഇതു കൂടാതെ അഴിമതി നിരോധന നിയമപ്രകാരവും കേസെടുത്തിട്ടുണ്ട്. മൂന്ന് പ്രതികളും ഒളിവിലാണെന്ന് ഗാസിയാബാദ് സീനിയർ പൊലീസ് ഓഫീസർ നിമിഷ് പാട്ടീൽ പറഞ്ഞു, ഇവരെ കണ്ടെത്താൻ സമഗ്രമായ അന്വേഷണം ആരംഭിച്ചതായും അദ്ദേഹം കൂട്ടിച്ചേർത്തു.

# സഹകരണ മേഖലയുടെ വിശ്വാസ്യത തകർക്കുന്നത് മന്ത്രിയും പാർട്ടി സംവിധാനങ്ങളും: പ്രതിപക്ഷനേതാവ്

തിരുവനന്തപുരം: സംസ്ഥാനത്തെ സഹകരണ മേഖലയുടെ വിശ്വാസ്യത തകർക്കുന്നത് സഹകരണ മന്ത്രിയുടെ പാർട്ടി സംവിധാനങ്ങളുമാണെന്ന് പ്രതിപക്ഷനേതാവ് വി.ഡി സതീശൻ.

സഹകരണ രജിസ്ട്രാറുടെ പേരിൽ വന്ന റിപ്പോർട്ട് ശുദ്ധ തട്ടിപ്പാണ്. സഹകരണ മന്ത്രിയുടെ കാർമികത്വത്തിൽ ഉണ്ടാക്കിയെടുത്ത രാഷ്ട്രീയ ക്യാപ്സൂളാണ് റിപ്പോർട്ട്. ഇത് തയാറാക്കിയത് മന്ത്രിയുടെ വിശ്വസ്തനാണെന്നും പ്രതിപക്ഷനേതാവ് ആരോപിച്ചു. കരുവന്നൂർ ബാങ്ക് തട്ടിപ്പിൽ പ്രാഥമിക സഹകരണബാങ്കുകളുടെ സഹായത്തോടെ പ്രത്യേക പാക്കേജുണ്ടാക്കാനാണ് സി.പി.എമ്മും സർക്കാരും ശ്രമിക്കുന്നത്.


നിക്ഷേപകരുടെ താൽപര്യം മുൻനിർത്തിയുള്ളതാണ് ഈ തീരുമാനമെങ്കിൽ അതിനെ യു.ഡി.എഫ് സ്വാഗതം ചെയ്യും. പക്ഷെ സർക്കാരിന്റെ ഉദ്ദേശ്യശുദ്ധിയിൽ ആർക്കെങ്കിലും സംശയം തോന്നിയാൽ അവരെ കുറ്റപ്പെടുത്താനാകില്ല. ബാങ്ക് കൊള്ളയ്ക്ക് നേതൃത്വം നൽകിയ ഉന്നത സി.പി.എം നേതാക്കളെ രക്ഷപ്പെടുത്തുക മാത്രമാണ് കരുവന്നൂർ പാക്കേജിലൂടെ സി.പി.എമ്മും സർക്കാരും ലക്ഷ്യമിടുന്നത്. നിക്ഷേപകർ കബളിപ്പിക്കപ്പെട്ടിരിക്കുന്നത് കരുവന്നൂരിൽ മാത്രമല്ല.

തിരുവനന്തപുരത്തെ കണ്ടലയിലും മുട്ടത്തറയിലും തൃശൂരിലെ അയ്യന്തോളിലും ഉൾപ്പെടെ നൂറുകണക്കിന് നിക്ഷേപകർ വേറെയുമുണ്ട്. നിക്ഷേപകരെ സംരക്ഷിക്കലാണ് സർക്കാരിന്റെ ലക്ഷ്യമെങ്കിൽ ഈ ബാങ്കുകളിലും പാക്കേജ് നടപ്പാക്കണം. കേരള ബാങ്കിനെ അന്നത്തെ പ്രതിപക്ഷം എതിർത്തത് എന്തുകൊണ്ടാണെന്ന് ഇപ്പോൾ എൽ.ഡി.എഫിന് മനസിലാകുന്നുണ്ടാകും. കേരളത്തിലെ സഹകരണ മേഖലയെ ആർ.ബി.ഐയുടെ കക്ഷത്തിൽ തിരുകി വയ്ക്കുകയാണ് ഇടതു സർക്കാർ ചെയ്തത്.

അല്ലായിരുന്നുവെങ്കിൽ ജില്ലാ ബാങ്കുകൾക്ക് പ്രാഥമിക സംഘങ്ങളെ സാമ്പത്തികമായി സഹായിക്കാൻ കഴിയുമായിരുന്നുവെന്നും വി.ഡി സതീശൻ പറഞ്ഞു.

## ഗാന്ധിജയന്തി ദിനമാഘോഷിച്ചു

വെസ്റ്റ് നടക്കാവ്: കോർപ്പറേഷൻ 65-ാം വാർഡ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഗാന്ധിജയന്തി ദിനഘോഷത്തോടനുബന്ധിച്ച് കേളപ്പജി പാർക്ക് ശുചീകരിച്ചു. കോർപ്പറേഷൻ കൗൺസിലർ ഡോ. അൽഫോൺസാ മാത്യു ഉദ്ഘാടനം ചെയ്തു. ജോയ്പ്രസാദ് പുളിക്കൽ, പി.ടി.നിസാർ,കെ. സുകുമാരൻ, കണ്ടിയിൽ ദാസൻ, കെ.ബാബു, കോർപ്പറേഷൻ വെള്ളയിൽ ഹെൽത്ത് വിഭാഗം ജീവനക്കാരും ശുചീകരണത്തിന് നേതൃത്വം നൽകി. വർഷങ്ങളായി കാടുപിടിച്ചു കിടന്ന പാർക്കാണ് ഗാന്ധിജയന്തി ദിനത്തിൽ ശുചീകരിച്ചത്.





കോഴിക്കോട് വെസ്റ്റ് നടക്കാവ് കോർപ്പറേഷൻ 65-ാം വാർഡ് കമ്മിറ്റിയുടെ നേതൃത്വത്തിൽ കേളപ്പജി പാർക്ക് ശുചീകരിക്കുന്നു

# നബിദിന ഘോഷയാത്രയ്ക്കുനേരെ കല്ലെറിഞ്ഞവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; ഇത്തരക്കാരെ വച്ചുപൊറുപ്പിക്കില്ല – സിദ്ധരാമയ്യ

ബംഗളൂരു: നബിദിന ഘോഷയാത്രയ്ക്കുനേരെ കല്ലെറിഞ്ഞ സംഭവത്തിൽ സംസ്ഥാനത്ത് 40 പേരെ അറസ്റ്റ് ചെയ്തതായി കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ. കുറ്റവാളികൾക്കെതിരെ ശക്തമായ നടപടികളുണ്ടാകും. ഇത്തരം സംഭവങ്ങൾ സർക്കാർ വച്ചുപൊറുപ്പിക്കില്ലെന്നും സിദ്ധരാമയ്യ വ്യക്തമാക്കി.ബംഗളൂരുവിൽ മാധ്യമങ്ങളോട് സംസാരിക്കവെയാണ് ശിവമോഗയിൽ നബിദിന ഘോഷയാത്രകൾക്കുനേരെ നടന്ന അക്രമസംഭവങ്ങളെക്കുറിച്ച് അദ്ദേഹം പ്രതികരിച്ചത്. "അക്രമങ്ങളിൽ ഉത്തരവാദികളും കല്ലെറിഞ്ഞവരുമായ 40ലേറെ ക്രിമിനലുകളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. അവർക്കെതിരെ നിയമനടപടികൾ കൈക്കൊള്ളും. ഒരു



മതകീയ യാത്ര നടക്കുമ്പോൾ അതിനെതിരെ കല്ലെറിയുന്നത് നിയമത്തിനെതിരെയാണ്."- സിദ്ധരാമയ്യ പറഞ്ഞു.

ഇത്തരം പ്രവർത്തനങ്ങൾ സർക്കാർ വച്ചുപൊറുപ്പിക്കില്ല. അവരെയെല്ലാം അടക്കിനിർത്തും. ശിവമോഗ ഇപ്പോൾ പൂർണമായും സാധാരണനിലയിലെത്തിയിട്ടുണ്ട്. ആവശ്യമായ കാര്യങ്ങളെല്ലാം പൊലീസ് ചെയ്തിട്ടുണ്ട്. ശിവമോഗയിൽ സമാധാനം നിലനിർത്താനുള്ള സാധ്യമായ നടപടികളെല്ലാം സർക്കാർ കൈക്കൊള്ളുമെന്നും അദ്ദേഹം അറിയിച്ചു.കഴിഞ്ഞ ദിവസമാണ് ശിവമോഗയിലെ രാഗി ഗുഡ്ഡയിൽ നബിദിന ഘോഷയാത്രയ്ക്കു നേരെ കല്ലേറുണ്ടായത്. പൊലീസിനുനേരെയും ആക്രമണമുണ്ടായി. ലാത്തിപ്രയോഗത്തിലൂടെയാണ് പൊലീസ് അക്രമികളെ പിന്തിരിപ്പിച്ചത്. സംഭവത്തെ തുടർന്ന് ശിവമോഗയിൽ പൊലീസ് കർഫ്യൂ പ്രഖ്യാപിച്ചിരുന്നു. സംഭവത്തെ തുടർന്ന് ഡിസ്ട്രിക്ട് ആംഡ് റിസർവിലെ 12 വിഭാഗങ്ങളെയും റാപ്പിഡ് ആക്ഷൻ ഫോഴ്സിലെ രണ്ടു വിഭാഗത്തെയും കർണാടക സ്‌റ്റേറ്റ് റിസർവ് പൊലീസിലെ രണ്ടു വിഭാഗത്തെയും നഗരത്തിൽ വിന്യസിച്ചിട്ടുണ്ട്. ഇതിനുപുറമെ 2,500 പൊലീസുകാരും സുരക്ഷാചുമതലയിലുണ്ട്.

# ഇൻസ്റ്റഗ്രാം റീൽ എടുക്കാൻ റെയിൽപാളത്തിൽ; ട്രെയിൻ തട്ടി 16കാരന് ദാരുണാന്ത്യം

ലഖ്നൗ: ഉത്തർപ്രദേശിൽ റെയിൽവേ ട്രാക്കിന് സമീപം റീൽ ചിത്രീകരിക്കാൻ ശ്രമിക്കുന്നതിനിടെ 16കാരൻ ട്രെയിൻ ഇടിച്ചുമരിച്ചു. ബറാബാങ്കി ജില്ലയിൽ ജഹാംഗീർബാദ് രാജ് റെയിൽവേ സ്റ്റേഷന് സമീപം വ്യാഴാഴ്ചയാണ് സംഭവം. ഫർമാൻ എന്ന കുട്ടിയാണ് അതിവേ?ഗത്തിലെത്തിയ എക്സ്പ്രസ് ട്രെയിൻ ഇടിച്ച് മരിച്ചത്.ട്രെയിൻ വരുന്നത് ശ്രദ്ധിക്കാതെ ട്രാക്കിന് തൊട്ടരിലേക്ക് പോയി വീഡിയോ ചിത്രീകരിക്കാൻ ശ്രമിക്കുമ്പോഴായിരുന്നു അപകടം. കൂട്ടുകാർക്കൊപ്പം പാളത്തിന് അരികിൽ നിന്ന് സ്ലോ മോഷൻ റീൽ ചിത്രീകരിക്കുന്നതിനിടെയാണ് ട്രെയിൻ ഇടിച്ചുതെറിപ്പിച്ചത്. അപകടത്തിന്റെ നടുക്കുന്ന വീഡിയോ ഫർമാന്റെ സുഹൃത്ത് മൊബൈൽ ഫോണിൽ പകർത്തുകയും സോഷ്യൽ മീഡിയയിൽ പ്രചരിക്കുകയും ചെയ്യുന്നുണ്ട്.



ഫർമാൻ റെയിൽവേ ട്രാക്കിനടുത്തേക്ക് പോകുന്നതും ഉടൻ തന്നെ അമിതവേഗത്തിലെത്തിയ ട്രെയിൻ ഇടിച്ചുതെറിപ്പിക്കുന്നതും വീഡിയോയിൽ കാണാം. പൊലീസ് മൃതദേഹം പോസ്റ്റ്മോർട്ടത്തിന് അയയ്ക്കുകയും അന്വേഷണം ആരംഭിക്കുകയും ചെയ്തു.ഈ വർഷമാദ്യം ഡൽഹിയിലെ ഷഹ്ദരയിൽ റെയിൽവേ ട്രാക്കിൽ റീൽ ഷൂട്ട് ചെയ്യുന്നതിനിടെ രണ്ട് യുവാക്കൾ ട്രെയിനിടിച്ച് മരിച്ചിരുന്നു. വാൻഷ് ശർമ (23), മോനു എന്ന വരുൺ (20) എന്നിവരാണ് മരിച്ചത്. ക്രാന്തി നഗർ മേൽപ്പാലത്തിന് സമീപത്തെ റെയിൽവേ ട്രാക്കിൽ ഇൻസ്റ്റാം റീൽ ഷൂട്ട് ചെയ്യുന്നതിനിടെയായിരുന്നു അപകടം.

# പെട്രോൾ പമ്പിൽ യുവാക്കളുടെ അക്രമം; ജീവനക്കാർക്ക് ക്രൂര മർദനം

തിരുവനന്തപുരം: ഉള്ളൂരിൽ പമ്പ് ജീവനക്കാർക്ക് നേരെ ആക്രമണം. ബൈക്ക് റേസ് ചെയ്തതുമായി ബന്ധപ്പെട്ട തർക്കമാണ് ആക്രമണത്തിൽ കലാശിച്ചത്. പരിക്കേറ്റ സൂപ്പർവൈസർ രാജേഷ് കുമാറിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ഇന്നലെ വൈകിട്ട് അഞ്ചോടെയാണ് പെട്രോൾ അടിക്കാനായി ഒരു യുവാവ് ഉള്ളൂർ സിവിൽ സപ്ലൈസ് പെട്രോൾ പമ്പിൽ എത്തുന്നത്. മദ്യലഹരിയിലായിരുന്ന ഇയാൾ ബൈക്ക് റേസ് ചെയ്തപ്പോൾ പമ്പ് ജീവനക്കാർ വിലക്കി. ഇത് വാക്കുതർക്കത്തിലേക്ക് മാറി. രോഷാകുലനായ യുവാവ് പമ്പിൽ നിന്ന് മടങ്ങി. ശേഷം ഇയാൾ രണ്ട് പേരെയും കൂട്ടി തിരിച്ചെത്തി.നേരത്തെ ബൈക്ക് റേസ് ചെയ്യുന്നത് വിലക്കിയ ജീവനക്കാരൻ വിശാഖിനെ ഇവർ വളഞ്ഞിട്ട് ആക്രമിച്ചു. പിടിച്ചുമാറ്റാനെത്തിയ മറ്റുള്ളവരെയും ഇവർ മർദിച്ചു. ഇതുകഴിഞ്ഞ് തിരിച്ചുപോയ ഇവർ അഞ്ചംഗ സംഘമായി തിരിച്ചെത്തി ജീവനക്കാരെ വീണ്ടും മർദിച്ചു. അടികൊണ്ട ജീവനക്കാർ സൂപ്പർവൈസറുടെ മുറിയിലേക്ക് ഓടിക്കയറി.

അക്രമിസംഘത്തിലൊരാൾ ഈ മുറിയുടെ വാതിൽ പിടിച്ചുവലിച്ചതോടെ ചില്ല് പൊട്ടി. സൂപ്പർവൈസർ രാജേഷ് കുമാറിന്റെ മുഖത്ത് ചില്ല് തെറിച്ച് ഗുരുതരമായി പരിക്കേറ്റു. രാജേഷ് തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിൽ ഗുരുതരാവസ്ഥയിൽ ചികിത്സയിലാണ്.

അക്രമി സംഘം നിരവധി കേസുകളിൽ പ്രതികളാണെന്ന് മെഡിക്കൽ കോളജ് പൊലീസ് പറഞ്ഞു. സംഭവത്തിൽ പൊലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു.

# 'മനുഷ്യനാകണമെന്ന ആപ്തവാക്യമാർക്കും തീറെഴുതിക്കൊടുത്തില്ല' പദയാത്രയുമായി സുരേഷ് ഗോപി കരുവന്നൂരിൽ

തൃശ്ശൂർ: സി.പി.എമ്മിനെതിരെ രൂക്ഷവിമർശനങ്ങളുന്നയിച്ച് ബി.ജെ.പി നേതാവ് സുരേഷ് ഗോപി. കരുവന്നൂർ ബാങ്കിൽ തുടരുന്ന ഇ.ഡി. നടപടികൾ സഹകരണപ്രസ്ഥാനങ്ങളെ നശിപ്പിക്കാൻ വേണ്ടിയല്ലെന്ന് സുരേഷ് ഗോപി പറഞ്ഞു.

കരുവന്നൂരിൽനിന്നും തൃശ്ശൂരിലേക്കുള്ള പദയാത്രയുടെ ഉദ്ഘാടന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ബി.ജെ.പി സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രനാണ് പദയാത്രയ്ക്ക് തുടക്കംകുറിച്ചത്.



ഒട്ടും ആവേശഭരിതനായല്ല താൻ ഈ വേദിയിൽ നിൽക്കുന്നത്. മനുഷ്യനാകണം എന്ന ആപ്തവാക്യം ആർക്കും ഈ ഭാരതമാതാവ് തീറെഴുതിക്കൊടുത്തില്ല. ആ പരിഗണനയിൽ മാത്രമാണ് താൻ ഈ പരിപാടിയിൽ പങ്കെടുക്കുന്നത്. ഈ തട്ടിപ്പിന് ഇരയായവർ ഇപ്പോൾ വേദിയിലുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.'2016 നവംബറിൽ നോട്ടുമാറ്റം നിലവിൽ വരുന്നത്. അന്ന് തുടങ്ങിയതാണ് കേരളത്തിലെ സഹകരണപ്രസ്ഥാനങ്ങളുടെ പ്രശ്നം. അക്കാലത്ത് ഇത് ഒത്തുതീർക്കുന്നതിനായി അരുൺ ജെയ്റ്റ്ലിയുടെയടുത്ത് പിണറായിയും സംഘവും എത്തിയതാണ്. അന്ന് ഞാൻ ആ ഓഫീസിലുണ്ട്. അന്ന് ദൃഢമായി പറഞ്ഞ കാര്യങ്ങളുടെ തുടർച്ചയാണിവിടെ നടക്കുന്നത്. ഇത് ഇനി അങ്ങ് കണ്ണൂരിലേക്കും, മാവേലിക്കരയിലേക്കും മലപ്പുറത്തേക്കും വ്യാപിക്കം, സുരേഷ് ഗോപി പറഞ്ഞു.




# മഞ്ഞക്കടലിരമ്പി, ലൂണാ മാജിക്കിൽ ബ്ലാസ്റ്റേഴ്സ്

കൊച്ചി: ഐഎസ്എല്ലിൽ തുടർച്ചയായ രണ്ടാം മത്സരത്തിലും മിന്നും വിജയവുമായി കേരള ബ്ലാസ്റ്റേഴ്സ്. ജംഷഡ്പൂർ എഫ്സിയെ എതിരില്ലാത്ത ഒരു ഗോളിന് തോൽപ്പിച്ചാണ് മഞ്ഞപ്പട കരുത്ത് കാട്ടിയത്. കൊമ്പന്മാർക്കായി നായകൻ അഡ്രിയാൻ ലൂണ 74–ാം മിനിറ്റിൽ ഗോൾ സ്വന്തമാക്കി. ഇരു ടീമും ഒപ്പത്തിനൊപ്പം പൊരുതിയ മത്സരത്തിൽ നായകൻ അഡ്രിയാൻ ലൂണയുടെ മികവാണ് മഞ്ഞപ്പടയ്ക്ക് വിജയം സമ്മാനിച്ചത്. പകരക്കാരനായി 62–ാം മിനിറ്റിൽ എത്തിയ ദിമിത്രിയോസ് ഗോളിനുള്ള വഴി ഒരുക്കി നൽകി.

വൺ ടച്ച് ഫുട്ബോളിൻറെയും താരങ്ങളുടെ പരസ്പരം ധാരണയുടെയും ഉത്തമ ഉദാഹരണമായിരുന്നു ഈ ഗോൾ. ലൂണയുടെ ബോക്സിന് നടുവിൽ നിന്നുള്ള ഷോട്ട് ഇടത് മൂലയിലെ വലയെ ചുംബിച്ചപ്പോൾ ഗാലറിയിലെ മഞ്ഞപ്പട ഇരമ്പിയാർത്തു. ബംഗളൂരു എഫ്സിയെ തോൽപ്പിച്ച ടീമിൽ നിന്ന് മാറ്റങ്ങളൊന്നുമില്ലാതെയാണ് ബ്ലാസ്റ്റേഴ്സ് ഇറങ്ങിയത്. പരിക്ക് മാറി തിരികെയെത്തിയ സ്ട്രൈക്കർ ദിമിത്രിയോസ് പകരക്കാരനായി ഇടംപിടിച്ചു. ലൂണയും


ഗോൾ നേടിയ ലൂണയുടെ ആഘോഷം

പെപ്രയും മുന്നേറ്റ നിരയെ നയിച്ചപ്പോൾ ഡയസൂക് സക്കായിയും ജീക്സണും ഡാനിഷും മുഹമ്മദ് എയ്മാനും മധ്യനിരയിൽ അണിനിരന്നു.

പ്രതിരോധത്തിൽ ഡ്രിൻസിച്ചിനൊപ്പം പ്രതീബും പ്രീതവും ഐബാൻ ഡോലിങ്ങും ഇറങ്ങി. കഴിഞ്ഞ കളിയിൽ മികവ് പുലർത്തിയ സച്ചിൻ തന്നെ ബ്ലാസ്റ്റേഴ്സിന്റെ ഗോവല കാത്തു. മറുവശത്ത് ഡാനിയൽ ചീമയെ ഏക സ്ട്രൈക്കറായി നിലനിർത്തി പ്രതിരോധത്തിന് പ്രാധാന്യം നൽകിയാണ് ജംഷഡ്പൂർ ഇറങ്ങിയത്. ഗോൾകീപ്പറായി പരിചയസമ്പന്നനായ മലയാളിതാരം ടി പി രഹ്നേഷും ആദ്യ ഇലവനിൽ ഇടംപിടിച്ചു. ബ്ലാസ്റ്റേഴ്സ് ആക്രമണത്തോടെയാണ് മത്സരം തുടങ്ങിയത്. ആദ്യ മിനിട്ടിൽ തന്നെ രണ്ട് തവണ ജംഷഡ്പൂർ ബോക്സിലേയ്ക്ക് ബ്ലാസ്റ്റേഴ്സ് ആക്രമണം നടത്തി. തൊട്ടുപിന്നാലെ കോർണർ സ്വന്തമാക്കി ജംഷഡ്പൂരും ആക്രമണമാണ് ലക്ഷ്യമെന്ന് മുന്നറിയിപ്പ് നൽകി. ബോക്സു ടു ബോക്സ് ശൈലിയിലാണ് കളി പുരോഗമിച്ചത്.

ഒമ്പതാം മിനിട്ടിൽ ലൂണയിലൂടെയാണ് ബ്ലാസ്റ്റേഴ്സ് ആദ്യമായി ജംഷഡ്പൂർ ബോക്സിലേയ്ക്ക് ഉന്നംവച്ചത്. നേരിയ മാർജിനിൽ ഷോട്ട് പുറത്തേയ്ക്ക്. ഇതിനിടയിൽ മധ്യനിരതാരം ഇമ്രാൻ ഖാന് പരിക്കേറ്റ് പുറത്ത് പോകേണ്ടി വന്നത് ജംഷഡ്പൂരിന് തിരിച്ചടിയായി. അവസരം കിട്ടുമ്പോൾ ബ്ലാസ്റ്റേഴസ് ഗോൾ മുഖത്തേയ്ക്ക് കടന്നുള്ള നീക്കങ്ങൾക്ക് ജംഷഡ്പൂരും മടിച്ചില്ല. പ്രതിരോധനിരയിൽ മതിൽപോലെ നിലയുറപ്പിച്ച ഡ്രിൻസിച്ചാണ് സന്ദർശകരുടെ നീക്കങ്ങൾക്ക് തടയിട്ട് നിന്നത്. ഗോൾ വലയ്ക്ക് മുന്നിൽ സച്ചിൻ നിലയുറപ്പിച്ചതോടെ ബ്ലാസ്റ്റേഴ്സ് കൊച്ചിയിൽ വീണ്ടും വിജയം സ്വന്തമാക്കി.

## ഏഷ്യൻ ഗെയിംസിൽ മെഡൽവേട്ട തുടർന്ന് ഇന്ത്യ, രണ്ട് വെങ്കലം സ്വന്തമാക്കി

ഹാങ്ചൗ: 2023 ഏഷ്യൻ ഗെയിംസിന്റെ ഒൻപതാം ദിനമായ തിങ്കളാഴ്ച രണ്ട് മെഡൽ നേടി ഇന്ത്യ. സ്കേറ്റിങ്ങിലൂടെ രണ്ട് വെങ്കലമാണ്ഇന്ത്യ സ്വന്തമാക്കിയത്. വനിതകളുടെ 3000 മീറ്റർ സ്പീഡ് സ്കേറ്റിങ് റിലേയിലും പുരുഷന്മാരുടെ 3000 മീറ്റർ സ്പീഡ് സ്കേറ്റിങ് റിലേയിലും ഇന്ത്യ വെങ്കലം നേടി. സഞ്ജന ഭത്തുള്ള, കാർത്തിക ജഗദീശ്വരൻ, ഹീരൽ സദ്ധു, ആരതി കസ്തൂരി രാജ് എന്നിവരാണ് വനിതാ വിഭാഗത്തിൽ വെങ്കലം നേടിയത്. പുരുഷ വിഭാഗത്തിൽ ആര്യൻ പാൽ, ആനന്ദ് കുമാർ, സിദ്ധാന്ത്, വിക്രം എന്നിവരാണ്



അണിനിരന്നത്. നിലവിൽ 13 സ്വർണവും 21 വെള്ളിയും 21 വെങ്കലവുമടക്കം 55 മെഡലുകൾ നേടിയ ഇന്ത്യ പോയന്റ് പട്ടികയിൽ നാലാം സ്ഥാനത്ത് തുടരുന്നു.


## സിറ്റിയെ ഞെട്ടിച്ച് വോൾവ്സ്; വിജയക്കുതിപ്പിന് തടയിട്ടു

ഇംഗ്ലീഷ് പ്രീമിയർ ലീഗിൽ ചാമ്പ്യൻമാരായ മാഞ്ചസ്റ്റർ സിറ്റിയെ ഞെട്ടിച്ച് വോൾവ്സ്. മൊളിനെക്സിൽ നടന്ന പോരാട്ടത്തിൽ 2–1ന് തോൽപ്പിച്ചാണ് വോൾവ്സ് സിറ്റിക്ക് കനത്ത തിരിച്ചടി നൽകിയത്.

ലീഗിലെ മുൻ മത്സരങ്ങളിൽ സിറ്റിയുടെ തുടർച്ചയായ വിജയക്കുതിപ്പിനാണ് ഇതിലൂടെ വോൾവ്സ് തടയിട്ടത്. കഴിഞ്ഞ ആറ് മത്സരങ്ങളിലും സിറ്റി വിജയിച്ചിരുന്നു.

മത്സരത്തിന്റെ 13ാം മിനിറ്റിൽ ഒരു സെൽഫ് ഗോളിലൂടെയാണ് വോൾവ്സ് ലീഡെടുത്തത്. റൂബൻ ഡയസിന്റെ വകയായിരുന്നു സെൽഫ് ഗോൾ. ആദ്യ പകുതിയിൽ ഈ ലീഡ് നിലനിർത്താൻ വോൾവ്സിനായി.

രണ്ടാം പകുതിയിൽ 58ാം മിനിറ്റിൽ ഒരു ഫ്രീകിക്കിലൂടെ ഹൂലിയൻ ആൽവാരസ് സമനിലയിലൂടെ സിറ്റിക്ക് ആശ്വാസം സമ്മാനിച്ചു. സിറ്റി വിജയത്തിലേക്ക് കയറും എന്ന് പ്രതീക്ഷിച്ചെങ്കിലും നടന്നത് മറ്റൊന്നായിരുന്നു.




RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.